**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4958** **01-11-2021 - ൽ മറുപടിയ്ക്ക്**

**റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. പി. മമ്മിക്കുട്ടി** | | **Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പ്രളയം, കാലവർഷം, കോവിഡ് എന്നിവ മൂലം റവന്യൂ വകുപ്പിന്റെ ജോലിഭാരം വർദ്ധിക്കുന്നതിനിടയായിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രതികൂല സാഹചര്യമായതിനാലും അപേക്ഷകരുടെ എണ്ണം വർദ്ധിച്ചതിനാലും ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. റവന്യൂ വകുപ്പ് അവശ്യസർവ്വീസിലുൾപ്പെട്ടിട്ടുള്ളതിനാൽത്തന്നെ വകുപ്പിലെ എല്ലാ കാര്യാലയങ്ങളും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിലും അനുബന്ധ പ്രവർത്തനങ്ങളിലും ഇപ്പോഴും പ്രവർത്തന നിരതമാണ്. ജീവനക്കാർ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു വന്നിട്ടുള്ള സാഹചര്യങ്ങളിലും ലോക്ഡൗൺ കാലയളവിലും ഫയലുകളിന്മേൽ സമയബന്ധിത നടപടികൾ സ്വീകരിക്കുന്നതിൽ ചിലപ്പോഴെങ്കിലും ബുദ്ധിമുട്ടുണ്ടായിട്ടുണ്ട്. പ്രളയ/ കാലവർഷക്കെടുതികളുടെ അനുബന്ധപ്രവർത്തനങ്ങൾ തുടരുന്ന സാഹചര്യത്തിലും ഫയലുകളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിൽ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. |
| (സി) | ഫയലുകൾ തീർപ്പാക്കുന്നതിനായി പ്രത്യേക അദാലത്ത് ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ അദാലത്ത് നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ; | (സി) | ഫയലുകൾ തീർപ്പാക്കുന്നതിന് പ്രത്യേക അദാലത്ത് ആരംഭിച്ചിട്ടുണ്ട്. 2021 സെപ്തംബർ മാസം സെക്രട്ടേറിയറ്റ് തലത്തിലും ഒക്ടോബർ 1 മുതൽ 10 വരെ കമ്മീഷണറേറ്റ് തലത്തിലും ഒക്ടോബർ 11 മുതൽ 31 വരെ ജില്ലാതലത്തിലും നവംബർ 1 മുതൽ 30 വരെ താലൂക്ക് തലത്തിലും ഡിസംബർ 1 മുതൽ 31 വരെ വില്ലേജ് തലത്തിലും ഫയൽ അദാലത്ത് സംഘടിപ്പിച്ച് കുടിശ്ശിക ഫയലുകൾ പരമാവധി തീർപ്പാക്കുന്നതിനുള്ള ബൃഹദ് പദ്ധതി തയ്യാറാക്കി നടപ്പിലാക്കി വരുന്നു. സെക്രട്ടേറിയറ്റിലേയും കമ്മീഷണറേറ്റിലേയും അദാലത്ത് |

| | | | |
|---|---|---|---|
| | | | പൂർത്തിയായിട്ടുണ്ട്. ജില്ലാ തലത്തിലുള്ള അദാലത്ത് നടന്നു വരുന്നു. കാലവർഷക്കെടുതികൾ സമയബന്ധിതമായ ജില്ലാതല അദാലത്ത് നടപടികളെ ബാധിച്ചിട്ടുണ്ട്. |
| (ഡി) | വില്ലേജ് തലങ്ങളിൽ പരാതി പരിഹാരത്തിനായി ജനകീയ സമിതികൾക്ക് രൂപം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ഡി) | ശിപാർശ സമർപ്പിക്കാൻ ലാൻഡ് റവന്യൂ കമ്മീഷണറോട് നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് തീരുമാനിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ